"ഭരണഭാഷ-മാതൃഭാഷ"
സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

തിരുവനന്തപുരം

ഉത്തരവ് നമ്പർ. E1-14136 /14 /Kdis.

തീയതി: 28-05-2014

വിഷയം:- സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം- ശ്രീ. V. L ജോസഫ്, ശിശുവികസന പദ്ധതി ആഫീസർ, കൊടകര- അവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) 04-06-2009 ലെ , സ.ഉ(സാധ) നം.265/2009/സാക്ഷേവ നമ്പർ. സർക്കാർ ഉത്തരവ്

2) കൊടകര-ശിശുവികസന പദ്ധതി ആഫീസർ ശ്രീ. V. L ജോസഫിന്റെ 26-11-2013 ലെ അപേക്ഷ

കൊടകര-ശിശുവികസന പദ്ധതി ആഫീസർ ശ്രീ. V. L ജോസഫ്, വിദേശത്ത് ജോലി ചെയ്യുന്നതിന് 01-06-2009 മുതൽ 31-03-2014വരെ പരാമർശം (1) പ്രകാരം ശൂന്യവേതന അവധിയിലായിരുന്നു. തുടർന്ന് 01-04-2014 മുതൽ 06-12-2014 വരെ K S R അനുബന്ധം X11 A പ്രകാരം ശൂന്യവേതന അവധി ദീർഘിപ്പിച്ച് തരണമെന്ന് പരാമർശം (2) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ അവധി അപേക്ഷ പരിഗണിച്ച് കൊടകര-ശിശുവികസന പദ്ധതി ആഫീസർ ശ്രീ. V. L ജോസഫിന് പരാമർശം (1) പ്രകാരം അനുവദിച്ച അവധിയുടെ തുടർച്ചയായി 01-04-2014 മുതൽ 06-12-2014 വരെ കേരള സർവ്വീസ് റൂൾ അനുബന്ധം X11 A പ്രകാരം ശൂന്യവേതന അവധി അർഹതാവിധേയമായി അനുവദിച്ചും, പൊതു അവധിദിവസമായ 07-12-2014 അവധിയ്ക്ക് പിന്നിൽ ചേർക്കുന്നതിന് അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീ. V. L ജോസഫ് 31-12-2015 ന് വിരമിക്കുന്നതിനാൽ ഈ അവധികാലയളവ് കഴിഞ്ഞാൽ ഇതേ ആവശ്യത്തിലേയ്ക്ക് യാതൊരു കാരണവശാലും ടിയാൾക്ക് അവധി അനുവദിക്കുന്നതല്ല.

കൊടകര-ശിശുവികസന പദ്ധതി ആഫീസർ ശ്രീ. V. L ജോസഫ് അവധിയിൽ പ്രവേശിച്ചില്ലായിരുന്നുവെങ്കിൽ ഇതേ തസ്തികയിൽ തന്നെ തുടരുമായിരുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്നു.

അവധിക്കാലയളവ് പെൻഷൻ ഉൾപ്പെടെയുള്ള യാതൊരുവിധ സർവ്വീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കപ്പെടുന്നതല്ല. ഇത് ഇപ്രകാരം ടിയാളുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)
**സാമൂഹ്യനീതി ഡയറക്ടർ**

1) ശ്രീ. V. L ജോസഫ്, ശിശുവികസന പദ്ധതി ആഫീസർ, കൊടകര.

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ, കേരള തിരുവനന്തപുരം.
2. ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ, വയനാട്.
3പ്രോഗ്രാം ഓഫീസർ, വയനാട്.
4 ശിശുവികസന പദ്ധതി ആഫീസർ, കൊടകര.
5 സ്റ്റോക്ക് /സ്പെയർ.
6 ഇ2-ഇ13

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്